ശ്രദ്ധേയമായി നവകേരളം സ്ക്വയർ

പിഎംജി ജങ്ഷനിലെ എൻജിഒ യൂണിയൻ സംസ്ഥാന കമ്മിറ്റി ഓഫീസിന് മുന്നിൽ സ്ഥാപിച്ച 'നവകേരളം' സ്ക്വയർ

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തിന്റെ പ്രചാരണാർഥം പിഎംജി ജങ്ഷനിലെ സംസ്ഥാന കമ്മിറ്റി ഓഫീസിനുമുന്നിൽ സ്ഥാപിച്ച 'നവകേരളം' അടയാളപ്പെടുത്തുന്ന സ്ക്വയർ ശ്രദ്ധേയമാകുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, പശ്ചാത്തല വികസനം, കൊച്ചി മെട്രോ, വാട്ടർ മെട്രോ, ക്ഷേമ പെൻഷൻ, ആർദ്രം, ആരോഗ്യ സംരക്ഷണ മേഖലയിലെ വളർച്ച, ഗെയ്ൽ വാതക പൈപ്പ് ലൈൻ തുടങ്ങി കേരളം ആർജിച്ച നേട്ടങ്ങളെ മനോഹരമായ പശ്ചാത്തലത്തിലാണ് സ്ക്വയറിൽ അണിയിച്ചൊരുക്കിയിട്ടുള്ളത്.

സമ്മേളനത്തോടനുബന്ധിച്ച് നവകേരളം ജനപക്ഷ സിവിൽ സർവീസ് എന്ന മുദ്രാവാക്യം മുൻനിർത്തി നിരവധി അനുബന്ധ പരിപാടികളാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്നത്. വനിതകളുടെ ഷട്ടിൽ ബാഡ്മിന്റൺ മത്സരം ജിമ്മിജോർജ് ഇൻഡോർ സ്റ്റേഡിയത്തിലും പുരുഷൻമാരുടെ ക്രിക്കറ്റ് മത്സരം കാര്യവട്ടം എൽഎൻസിപിഇ ഗ്രൗണ്ടിലും ബുധനാഴ്ച നടക്കും.

■ താലൂക്ക് അദാലത്തുകൾ സമാപിച്ചു

ചിറയിൻകീഴ് താലൂക്കിൽ തീർപ്പാക്കിയത് 670 പരാതി

ആറ്റിങ്ങൽ

രണ്ടാം പിണറായി സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് താലൂക്കുതലത്തിൽ സംഘടിപ്പിച്ച 'കരുതലും കൈത്താങ്ങും' അദാലത്തുകൾ ആയിരങ്ങൾക്ക് ആശ്വാസമായി. അവസാന അദാലത്ത് നടന്ന ചിറയിൻകീഴ് താലൂക്കിൽ 670 അപേക്ഷകൾ തീർപ്പാക്കി. ഓൺലൈനായി 2243 അപേക്ഷകളാണ് ലഭിച്ചത്. ചൊവ്വാഴ്ചമാത്രം 1412 അപേക്ഷ ലഭിച്ചു. ഈ അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും 15 ദിവസത്തിനകം തീർപ്പാക്കാൻ മന്ത്രിമാർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

ചിറയിൻകീഴ് താലൂക്കുതല പരാതി പരിഹാര അദാലത്ത് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യുന്നു

26 വിഷയങ്ങൾ പരിഗണിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളാണ് കൂടുതൽ ലഭിച്ചത്. 942 അപേക്ഷകളിൽ 390 തീർപ്പാക്കി. താലൂക്ക് ഓഫീസ് –140, സിവിൽ സപ്ലൈസ് വകുപ്പ് –42, കൃഷി വകുപ്പ് –31, കെഎസ്ഇബി –11, പട്ടികജാതി വികസന വകുപ്പ്–10, ജലസേചനം– 6, വാട്ടർ അതോറിറ്റി– 13, ആരോഗ്യ വകുപ്പ്– മൂന്ന്, മൃഗസംരക്ഷണം– രണ്ട് എന്നിങ്ങനെ അപേക്ഷകൾ തീർപ്പാക്കി. മലിനീകരണ നിയന്ത്രണ ബോർഡ്, ഡെയ്റി ഡെവലപ്മെന്റ്, ഹാർബർ എൻജിനിയറിങ്, വനം, സാമൂഹിക നീതി, മറ്റു താലൂക്ക് ഓഫീസുകൾ, മൈനിങ് ആൻഡ് ജിയോളജി തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട ഓരോ പരാതിയും പരിഹരിച്ചു.

രണ്ടിനാണ് ജില്ലയിൽ താലൂക്ക് അദാലത്തുകൾ ആരംഭിച്ചത്. ചിറയിൻകീഴ് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ പരാതികളും അപേക്ഷകളും സമയബന്ധിതമായി പരിഹരിക്കാൻ താലൂക്ക് അദാലത്തിലൂടെ കഴിഞ്ഞതായി മന്ത്രി പറഞ്ഞു. ഒ എസ് അംബിക എംഎൽഎ അധ്യക്ഷയായി. മന്ത്രി ജി ആർ അനിൽ, വി ശശി എംഎൽഎ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജാ ബീഗം, ജില്ലാ പഞ്ചായത്തംഗം ആർ സുഭാഷ്, കലക്ടർ ജെറോമിക് ജോർജ്, എഡിഎം ജെ അനിൽ ജോസ്, സബ് കലക്ടർ അശ്വതി ശ്രീനിവാസ് തുടങ്ങിയവർ സംസാരിച്ചു.

വ്യാപാരി വ്യവസായി സമിതി ജില്ലാ സമ്മേളനം നാളെ

വെഞ്ഞാറമൂട്

കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി ജില്ലാ സമ്മേളനം വ്യാഴാഴ്ച പി കെ ഗിരീഷ് നഗറിൽ (പിരപ്പൻകോട് റോയൽ പാലസ് ഓഡിറ്റോറിയം) നടക്കും. രാവിലെ ഒമ്പതിന് രജിസ്ട്രേഷൻ. 9.30ന് പതാക ഉയർത്തൽ. തുടർന്ന് നടക്കുന്ന സമ്മേളനം സംസ്ഥാന പ്രസിഡന്റ് വി കെ സി മമ്മദ് കോയ ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് എൻ സുധീന്ദ്രൻ അധ്യക്ഷനാകും. വി ജോയി എംഎൽഎ മുഖ്യാതിഥിയാകും.

■ നീന്തൽ താരങ്ങളുടെ പനി

സമ്പർക്കം കൊണ്ടാകാമെന്ന് നിഗമനം

വെള്ളത്തിന്റെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചു

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ജില്ലാ സ്പോർടസ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള നന്ദിയോട് നീന്തൽക്കുളത്തിൽ പരിശീലനം നടത്തുന്ന വിദ്യാർഥികൾക്ക് പനി പടർന്നത് സമ്പർക്കംകൊണ്ടാകാമെന്ന് നിഗമനം. നീന്തൽ പരിശീലനത്തെത്തുടർന്ന് ചിലർക്ക് പനി ബാധിച്ചിരുന്നു. ഇവരുമായി മറ്റുള്ളവർ സഹകരിച്ചത് പനി പടരാൻ കാരണമായിട്ടുണ്ടാകുമെന്ന് സ്ഥലം സന്ദർശിച്ച പാലോട് ഗവ. ആശുപത്രിയിലെ വൈദ്യസംഘം പറഞ്ഞു. പനിയുള്ളവർ കുളം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ പകരാൻ സാധ്യതയുണ്ട്. കൂടാതെ ഡ്രസിങ് റൂം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ സമ്പർക്കം കൊണ്ടും പകരാം.

പാലോട് ആശുപത്രി ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കുളം സന്ദർശിച്ചിരുന്നു. വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് പബ്ലിക് ലാബിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് ലഭിക്കും. അതുവരെ നീന്തൽക്കുളം അടച്ചിടാൻ ജില്ലാ സ്പോർട്സ് കൗൺസിൽ നിർദേശിച്ചിട്ടുണ്ട്. വേനലവധിക്കാല പരിശീലനത്തിനെത്തിയ മുപ്പതോളം കുട്ടികൾക്കാണ് പനി ബാധിച്ചത്. ആദ്യം ഒരാൾക്കും പിന്നീട് മറ്റുള്ളവർക്കും പടർന്നതോടെ നീന്തൽക്കുളം അടച്ചിടുകയായിരുന്നു.

കുളം കൃത്യമായി ശുചീകരിച്ച ശേഷമാണ് പരിശീലനം നടത്തുന്നതെന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ അധികൃതർ പറഞ്ഞു. എല്ലാ ഞായറാഴ്ചയും ശുദ്ധീകരിക്കും. ഇതിന്റെ ഭാഗമായി തിങ്കളാഴ്ചകളിൽ പരിശീലനം നടത്താറില്ല. ജലത്തിന്റെ ഗുണനിലവാരം (പിഎച്ച് മൂല്യം) കൃത്യമായി പരിശോധിക്കാറുണ്ടെന്നും സ്പോർട്സ് കൗൺസിൽ അധികൃതർ പറഞ്ഞു.

അവധിക്കാല നീന്തൽ പരിശീലനത്തിനായി 256 വിദ്യാർഥികളാണുള്ളത്. റഗുലർ കോച്ചിങ് ക്യാമ്പിൽ 130 പേരും പരിശീലിക്കുന്നുണ്ട്.

വിഴിഞ്ഞം തുറമുഖം: വർക്ഷോപ്പ് കെട്ടിടം ഉദ്ഘാടനം ഇന്ന്

കോവളം

നിർമാണം അന്തിമഘട്ടത്തിലേക്ക് കടക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ വർക്ഷോപ്പ് കെട്ടിടത്തിന്റെ ഉദ്ഘാടനം ബുധനാഴ്ച നടക്കും. വൈകിട്ട് നാലിന് പദ്ധതി പ്രദേശത്ത് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. പോർട്ട് ഓപ്പറേറ്റിങ് കെട്ടിടത്തിന് സമീപമാണ് തുറമുഖത്തിന്റെയും കപ്പലുകളുടെയും അറ്റകുറ്റപ്പണികൾക്കുള്ള ആധുനിക യന്ത്രങ്ങളുൾപ്പെടുന്ന വർക്ഷോപ്പ് കെട്ടിടം സ്ഥാപിച്ചത്. മന്ത്രി അഹമ്മദ് ദേവർകോവിൽ അധ്യക്ഷനാകും.

മൈജി ഫ്യൂച്ചർ ഷോറൂം ഉദ്ഘാടനം നാളെ

തിരുവനന്തപുരം

ഹോം അപ്ലയൻസസ്, ഡിജിറ്റൽ ഗാഡ്ജെറ്റ് ഉൽപ്പന്നങ്ങളുമായി മൈജി ഫ്യൂച്ചറിന്റെ തിരുവനന്തപുരത്തെ ആദ്യ ഷോറൂം വ്യാഴാഴ്ച ആക്കുളത്ത് ആരംഭിക്കും. രാവിലെ 10ന് നടി മഞ്ജു വാര്യർ ഉദ്ഘാടനം ചെയ്യും.

ലോകോത്തര ബ്രാൻഡുകളുടെ മൊബൈൽ ഫോൺ, ലാപ്ടോപ്, ടിവി, എസി, റഫ്രിജറേറ്റർ, വാഷിങ് മെഷീൻ, കിച്ചൻ അപ്ലയൻസസ്, ഡിജിറ്റൽ, മൾട്ടിമീഡിയ അക്സസറീസ്, ടാബ്ലെറ്റ്, സിസിടിവി കാമറ തുടങ്ങിയവയെല്ലാം മൂന്നു നിലയിലുള്ള സ്റ്റോറിലുണ്ട്. ഉദ്ഘാടനദിവസം വമ്പൻ ഓഫറുകളും ഭാഗ്യശാലികൾക്ക് വാഷിങ് മെഷീൻ, സ്മാർട്ട് ടിവി, മിക്സർ തുടങ്ങിയ സമ്മാനങ്ങളും ലഭ്യമാണ്. മൈജി സൂപ്പർ ഇഎംഐയിലൂടെ മാസത്തവണയിലും സാധനങ്ങൾ വാങ്ങാം.

ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നന്നാക്കുന്നതിന് ഹൈടെക് റിപ്പയർ ആൻഡ് സർവീസ് സെന്റർ മൈജി കെയറും സജ്ജമാണ്. ഒരു കൊല്ലം അഡീഷണൽ വാറന്റി നേടാവുന്ന മൈജി എക്സ്റ്റൻഡഡ് വാറന്റി പ്ലാൻ, ഇലക്ട്രോണിക് ഗാഡ്ജറ്റുകൾ വെള്ളത്തിൽ വീണ് കേടായാലും കളവ് പോയാലും ഡിസ്പ്ലേ പൊട്ടിയാലും പരിരക്ഷ ലഭിക്കുന്ന മൈജി പ്രൊട്ടക്ഷൻ പ്ലാൻസ് എന്നിവയുമുണ്ട്. www.myg.in, മൈജി ആപ് എന്നിവയിലൂടെയുള്ള ഓർഡറുകളും ആക്കുളത്തെ ഷോറൂമിൽ സ്വീകരിക്കും.

ബാലരാമപുരത്തെ മതപഠന സ്ഥാപനത്തിൽ ആത്മഹത്യ ചെയ്ത അസ്മിയ മോളുടെ ഉമ്മയെ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി എസ് സുജാത, ടി എൻ സീമ തുടങ്ങിയവർ ആശ്വസിപ്പിക്കുന്നു

അസ്മിയയുടെ വീട് മഹിളാ നേതാക്കൾ സന്ദർശിച്ചു

ചാല

ബാലരാമപുരത്തെ അൽഅമീൻ മതപഠന സ്ഥാപനത്തിൽ തൂങ്ങിമരിച്ച അസ്മിയ മോളുടെ വീട് അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാക്കൾ സന്ദർശിച്ചു. അസ്മിയ മോൾ ലൈബ്രറിയിൽ തൂങ്ങി മരിച്ച സംഭവം ആശങ്കയുണ്ടാക്കുന്നു. മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ചു കുടുംബം മുന്നോട്ട് വന്നിരിക്കുകയാണ്. സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തു കൊണ്ടുവരണമെന്ന് സംസ്ഥാന സെക്രട്ടറി സി എസ് സുജാത ആവശ്യപ്പെട്ടു.

അസ്മിയ മോളുടെ വീട് സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ സന്ദർശിക്കുന്നു

■ വിഴിഞ്ഞത്ത് ഇന്ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ജനങ്ങളോട് സംവദിച്ച് എൽഡിഎഫ് പൊതുയോഗങ്ങൾ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

നാടാകെ ഉത്സവമായി എൽഡിഎഫ് നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ രണ്ടാംവാർഷികാഘോഷം. നിയോജകമണ്ഡലം കേന്ദ്രങ്ങളിൽ നടക്കുന്ന പൊതുയോഗങ്ങളിൽ പതിനായിരങ്ങൾ പങ്കാളികളായി. മുഖ്യമന്ത്രിയും മന്ത്രിമാരും നേരിട്ട് പങ്കെടുത്താണ് സർക്കാർ നേട്ടങ്ങളും ഭാവിലക്ഷ്യങ്ങളും വിശദീകരിക്കുന്നത്. വിളംബര ജാഥകളും മറ്റ് പരിപാടികളുമായി വൻ പ്രചാരണമാണ് മണ്ഡലങ്ങളിലുടനീളം സംഘടിപ്പിക്കുന്നത്.

ബുധൻ വൈകിട്ട് അഞ്ചിന് വിഴിഞ്ഞത്ത് നടക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പാറശാല ധനുവച്ചപുരത്ത് വൈകിട്ട് അഞ്ചിന് മന്ത്രി എം ബി രാജേഷാണ് ഉദ്ഘാടകൻ. വ്യാഴം വൈകിട്ട് അഞ്ചിന് കാട്ടാക്കട മണ്ഡലത്തിൽ കണ്ടള സ്റ്റേഡിയത്തിൽ ചേരുന്ന ബഹുജന റാലി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വെള്ളി വൈകിട്ട് അഞ്ചിന് നെയ്യാറ്റിൻകര മണ്ഡലത്തിൽ പ്ലാമൂട്ടുക്കടയിൽ മന്ത്രി പി രാജീവും നെടുമങ്ങാട് മണ്ഡലത്തിൽ പോത്തൻകോട്ട് മന്ത്രി പി എ മുഹമ്മദ് റിയാസും ഉദ്ഘാടനം ചെയ്യും. ശനി വൈകിട്ട് അഞ്ചിന് പുത്തരിക്കണ്ടം മൈതാനത്താണ് പൊതുയോഗം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

■ വിദ്യാർഥിനിയുടെ മരണം

പ്രത്യേക സംഘം അന്വേഷിക്കും

നേമം

ബാലരാമപുരത്ത് മതപഠന സ്ഥാപനത്തിൽ വിദ്യാർഥിനി തൂങ്ങിമരിച്ച സംഭവം നെയ്യാറ്റിൻകര എഎസ്പി ടി ഫറാഷിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷിക്കും. ബന്ധുകൾ ദുരൂഹത ആരോപിച്ചതിനാലാണ് അന്വേഷണം പ്രത്യേക സംഘത്തിന് കൈമാറിയത്. ബാലരാമപുരം എസ്എച്ച്ഒ ടി വിജയകുമാർ, പൂവാർ എസ്എച്ച്ഒ എസ് ബി പ്രവീൺ, വനിതാ സെൽ സിഐ എൻ സീന എന്നിവരടങ്ങിയ 13 അംഗ സംഘത്തിന് അന്വേഷണം കൈമാറി ജില്ലാ പൊലീസ് മേധാവി ഡി ശിൽപ്പ ഉത്തരവിട്ടു. ബാലരാമപുരം പൊലീസ് സ്ഥാപനത്തിലെ വിദ്യാർഥികളുടെയും ജീവനക്കാരുടെയും മൊഴി കഴിഞ്ഞ ദിവസം രേഖപ്പെടുത്തിയിരുന്നു. ആത്മഹത്യയാണെന്നാണ് പ്രാഥമിക പോസ്റ്റുമോർട്ടം റിപ്പോർട്ട്. ആത്മഹത്യക്ക് പ്രേരിപ്പിച്ച കാരണങ്ങളെക്കുറിച്ചും അന്വേഷിക്കും.

പൂന്തുറ വള്ളക്കടവ് വലിയ വിളാകം വീട്ടിൽ നാസറുദീൻ റഹ്മത്ത് ബീവി ദമ്പതികളുടെ മകൾ അസ്മിയ മോളെ (17)യാണ് ശനിയാഴ്ച മദ്രസ ലൈബ്രറിക്കുള്ളിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തിയത്. ശനി വൈകിട്ട് ആറോടെയായിരുന്നു സംഭവം.

'ഫയ: 80' സെമിനാർ ഇന്ന്

തിരുവനന്തപുരം

ടെക്നോപാർക്ക് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന നോളജ് കമ്യൂണിറ്റി 'ഫയ: 80' സംഘടിപ്പിക്കുന്ന സെമിനാറിൽ കൊഗ്നിറ്റീവ് സൈക്കോളജി ഇൻ യുഎക്സ് എന്ന വിഷയം ചർച്ചയാകും. ബുധൻ വൈകിട്ട് അഞ്ചിന് ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിങ്ങിലെ ഫയ ഫ്ളോർ ഓഫ് മാഡ്നസിലാണ് സെമിനാർ.

രജിസ്ട്രേഷഷന്: https://fayaport80103.eventbrite.com.

TVS MOBILITY
KWID 7 ANNIVERSARY
ഇനി 7 വർഷത്തേക്ക് ഒന്നും നോക്കേണ്ട...
7 YEARS OR 1,50,000 KM WARRANTY
Price starts at ₹4.69 Lakh*
EMI starts at ₹4,999*
Additional Benefits up to ₹27,000*
7 years or 150000 kms warranty which ever comes earlier is applicable for all 2023 MY Kwid deliveries in May'23 *T&C Apply | For detailed terms & conditions please visit http://www.renault.co.in
@renault tvs
8527237941 | 9311832967

WANTED
RELATIONSHIP MANAGERS
Age: 30-50 (M/F), Salary: 360,000 (PA)
Job Role: Insurance Sales, Advisor Recruitment, Training & Development
സെയിൽസ് മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം
PROFICIENT THE INSURANCE EXPERT
MG Road, Thrissur - 680004
0487 299 5988
9633 988 988
Send your CV to hr@theproficient.in

KERALA STATE CO-OPERATIVE CONSUMERS' FEDERATION LTD.
REGIONAL OFFICE, THRISSUR, Anakkallu - Palakkal Road, Anakkallu, Avinissery P.O., Thrissur - 680306, Ph: 0487-2968033, 8281898317, Email: rothrissur@yahoo.com
Dated: 16.05.2023
റീജിയണൽ പർച്ചേസ് കമ്മിറ്റി നോട്ടീസ്
കൺസ്യൂമർഫെഡറേഷന്റെ തൃശ്ശൂർ റീജിയണൽ പർച്ചേസ് കമ്മിറ്റി 25.05.2023 വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് അവിണിശ്ശേരി പഞ്ചായത്തിലെ ആനക്കല്ലിൽ പ്രവർത്തിക്കുന്ന റീജിയണൽ ഓഫീസിൽ വെച്ച് കൂടുന്നു. ജില്ലയിലെ ത്രിവേണി സൂപ്പർമാർക്കറ്റിലേക്ക് വിൽപനക്കാവശ്യമായ പലചരക്ക്, കോസ്മെറ്റിക്സ്, ഹൗസ് ഹോൾഡ്, സ്റ്റേഷനറി, വെജിറ്റബിൾസ്, മത്സ്യം, മാംസം, മുട്ട തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുവാൻ താത്പര്യമുള്ള അംഗീകൃത സപ്ലയർമാർ, ഏജൻസികൾ സാധനങ്ങളുടെ സാമ്പിൾ, വിലവിവരം, ക്വട്ടേഷൻ എന്നിവ സഹിതം റീജിയണൽ പർച്ചേസ് കമ്മിറ്റിയിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ റീജിയണൽ ഓഫീസുമായി ബന്ധപ്പെടുക.
തൃശ്ശൂർ
(ഒപ്പ്)
റീജിയണൽ മാനേജർ

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
താമസം , ഭക്ഷണം ഉൾപ്പടെ പ്രതിവർഷം1,50,000/-മാത്രം
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 /9745177728

LLB
LLM
Ph.D
(IN LAW)
വിവിധ സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളിൽ സീറ്റ് ഒഴിവുകൾ
14 Years of Excellence
BCI APPROVED
ISO 9001:2015 CERTIFIED EDUCATIONAL TRUST
Reg. No. 57/IV/2020, Under Govt. of Kerala
SV EDUCATION
KOCHI
www.sveducation.org
BANGALORE | TAMIL NADU | NEW DELHI
98460 44410 | 98460 44415
98461 71444 | 98461 15444